# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2869** | **17/10/2016-ൽ മറുപടിക്ക്**

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 20.6.2012 തീയതിയിലെ 187/12 ആ.കു.വ നംപർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര ആരോഗ്യ പ്രവർത്തകരെയാണ് നിയമിച്ചിരുന്നതെന്ന് വിശദമാക്കാമോ; | **എ)** | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 20.6.2012 തീയതിയിലെ സ.ഉ(കൈ) 187/12/ആ.കു.വ പ്രകാരം സംസ്ഥാനത്തൊട്ടാകെ വിവിധ തസ്തികകളിലായി ആകെ 1902 ആരോഗ്യ പ്രവർത്തകരെയാണ് നിയമിച്ചിരുന്നത്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| **ബി)** | ഇവരിൽ എത്ര പേർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്; വിശദീകരിക്കാമോ? | **ബി)** | നിലവിൽ ഇവരിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. |
| **സി)** | പി.എസ്.സി. വഴിയുള്ള നിയമനത്തിന് പ്രായപരിധി കഴിഞ്ഞ ഇവർക്ക് ഇനിയും അവസരമില്ലാത്ത സാഹചര്യത്തിൽ ഇവരെ പുനർനിയമിക്കുന്നതിന് സർക്കാർ തയ്യാറാകുമോ? | **സി)** | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

48921

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(പി) വകുപ്പ്**

**സ. ഉ.(കൈയ്യെഴുത്ത്)നം. 187/2012/ആ.കു.വ. തീയതി, തിരുവനന്തപുരം, 20/06/2012.**

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ആരോഗ്യവകുപ്പിന്റെ ആശുപത്രികളിൽ ഡോക്ടർമാരുടെ ദൗർലഭ്യം കണക്കിലെടുത്ത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം സ്പെഷ്യാലിറ്റി വിഭാഗം ഉൾപ്പെടെയുള്ള ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സ്പ്രേ മാൻ എന്നിവരെ അടിയന്തിരമായി, വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തി, മൂന്ന് മാസത്തേക്ക് താൽക്കാലികമായി നിയമിക്കേണ്ടതാണ്.

| ജില്ല | ഡോക്ടർ | സ്റ്റാഫ് നഴ്സ് | ഫാർമസിസ്റ്റ് | ലാബ് ടെക്നീഷ്യൻ | ക്ലീനിംഗ് സ്റ്റാഫ് | ജെ.എച്ച്. ഐ. | സ്പ്രേ മാൻ | ആകെ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 30 | 100 | 20 | 10 | 30 | 25 | 10 | 225 |
| കൊല്ലം | 15 | 60 | 18 | 15 | 20 | 25 | 25 | 178 |
| പത്തനംതിട്ട | 15 | 20 | 15 | 13 | 60 | 25 | 10 | 158 |
| ആലപ്പുഴ | 15 | 20 | 15 | 11 | 45 | 15 | 10 | 131 |
| കോട്ടയം | 15 | 20 | 13 | 9 | 12 | 25 | 25 | 119 |
| ഇടുക്കി | 5 | 20 | 10 | 0 | 50 | 15 | 10 | 110 |

......2

| | | | | | | | | |
|---|---|---|---|---|---|---|---|---|
| എറണാകുളം | 0 | 0 | 10 | 12 | 10 | 20 | 25 | 77 |
| തൃശ്ശൂർ | 0 | 0 | 5 | 0 | 15 | 30 | 10 | 60 |
| പാലക്കാട് | 10 | 30 | 6 | 11 | 15 | 10 | 25 | 107 |
| മലപ്പുറം | 25 | 25 | 20 | 15 | 50 | 30 | 25 | 190 |
| കോഴിക്കോട് | 24 | 15 | 25 | 24 | 10 | 30 | 25 | 153 |
| വയനാട് | 5 | 20 | 12 | 5 | 20 | 15 | 10 | 87 |
| കണ്ണൂർ | 15 | 20 | 17 | 10 | 10 | 30 | 10 | 112 |
| കാസർഗോഡ് | 35 | 25 | 25 | 10 | 50 | 25 | 25 | 195 |
| **ആകെ** | **209** | **375** | **211** | **145** | **397** | **320** | **245** | **1902** |

2. താലൂക്ക് ആശുപത്രി മുതൽ പനി ബാധിതർക്കായി പ്രത്യേക വാർഡ് മൂന്ന് മാസത്തേക്ക് സജ്ജമാക്കേണ്ടതും, മരുന്നിന്റെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.
3. കാസർഗോഡ് ജില്ലയിൽ ജോലിക്കായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് അധിക വേതനമായി 20000/- രൂപ (ഇരുപതിനായിരം രൂപ) നൽകാവുന്നതാണ്.
4. കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ. പി. സംവിധാനം ഒരുക്കുന്ന കാര്യം ആവശ്യാനുസരണം വകുപ്പ് മേധാവിക്ക് തീരുമാനിക്കാവുന്നതാണ്.
5. കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളിൽ വിവിധതരം പനികൾ നിർണ്ണയിക്കുന്നതിന് മൈക്രോ ലെവൽ ടെസ്റ്റിംഗ് സംവിധാനമുള്ള ലബോറട്ടറി സജ്ജമാക്കേണ്ടതാണ്.
6. ഒ. പി. പ്രവർത്തിക്കുന്ന സമയം മുഴുവൻ ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ സേവനം ഉണ്ടാകേണ്ടതാണ്.
7. മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനായി താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരെ അധികമായി നിയോഗിക്കേണ്ടതാണ്.
8. മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള വാഹന സൗകര്യം ലഭ്യമാക്കുന്നതിനും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കുമായി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 5 ലക്ഷം രൂപ വീതം കോർപ്പസ് ഫണ്ട് ആയി അനുവദിക്കേണ്ടതാണ്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ ഇതിനായി 7 ലക്ഷം രൂപ വീതം അനുവദിക്കേണ്ടതാണ്.
9. ഡെങ്കി ഫീവർ ടെസ്റ്റ് കിറ്റ് അടിയന്തിരമായി രക്ത പരിശോധനാ സൗകര്യമുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാക്കേണ്ടതാണ്.

……….3

10. എം.എൽ.എ.മാർ അവരവരുടെ നിയോജകമണ്ഡലത്തിൽ ബ്ലോക്ക്തലത്തിൽ ചുമതലയുള്ള ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുകൂട്ടി, വാർഡുതല സാനിട്ടേഷൻ കമ്മറ്റിയുടെ പ്രവർത്തനം ഈ മാസം 22, 23, 24 തീയതികളിൽ വിലയിരുത്തേണ്ടതുമാണ്.
11. ചേരി പ്രദേശങ്ങളിൽ മൊബൈൽ ഫീവർ ക്ലിനിക്കിന്റെ സേവനം ഉറപ്പു വരുത്തുവാൻ വേണ്ട നടപടി ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. വി. വിനയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ. എച്ച്. എം., തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട എം.എൽ.എ,മാർക്ക് (എൻ.ആർ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
മാനേജിംഗ് ഡയറക്ടർ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം
അഡീഷണൽ സെക്രട്ടറി,, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ജലവിഭവ വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

Sreena
സെക്ഷൻ ഓഫീസർ